## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3917 24/08/2017-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിൽ താഴെത്തട്ടിൽപെട്ടവരുടെ ഉന്നമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി : | | ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| (എ) | പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിൽ സാമുദായികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറ്റവും താഴെ ത്തട്ടിലെ വിഭാഗക്കാർ ആരെല്ലാമെന്നും അവരുടെ ഉന്നമനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗങ്ങളായ കാടർ, കുറുമ്പർ, കൊറഗർ, ചോലനായ്ക്കർ, കാട്ടുനായ്ക്കർ തുടങ്ങിയ 5 വിഭാഗങ്ങളാണ് സാമുദായികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഏറ്റവും താഴെത്തട്ടിലുള്ളത്. പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ട ഇവരുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി 2011-12 വർഷം 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് പി.വി.ടി.ജി. പ്രോജക്ട് എന്നപേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഭവനനിർമ്മാണം, കോളനികളുടെ വൈദ്യുതീകരണം, മണ്ണ് സംരക്ഷണം, കുടിവെള്ള വിതരണം, റോഡുകളുടെ നിർമ്മാണം, ഭക്ഷ്യധാന്യ വിതരണം, മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, പെരിപ്പതറ്റിക് സെന്ററുകൾ, ഹെൽത്ത് ക്യാമ്പുകളുടെ നടത്തിപ്പ്, ഊരുകൂട്ടങ്ങളുടെ ശാക്തീകരണം തുടങ്ങി ഈ വിഭാഗങ്ങളുടെ സർവ്വതോൻമുഖമായ വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ടി പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. 2016 മാർച്ച് 31ന് പദ്ധതി കാലാവധി അവസാനിച്ചിട്ടുണ്ട്. 133.20 കോടി രൂപ കേന്ദ്ര സഹായവും, 7.83 കോടി രൂപ സംസ്ഥാന സഹായവും ഉൾപ്പെടെ ആകെ 141.03 കോടി രൂപ പി.വി.ടി.ജി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി/ പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നിയമപഠനമേഖലയുൾപ്പെടെയുള്ള വിദ്യാഭ്യാസത്തിനും സിവിൽ സർവ്വീസ്, സർക്കാർ സർവ്വീസ്, ബാങ്കിംഗ്, കേന്ദ്രസർവ്വീസുകൾ | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിയമ പഠന മേഖല ഉൾപ്പെടെയുള്ള പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധി ഇല്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപൻഡും നൽകിവരുന്നു. ടി തുക ഇ-ഗ്രാന്റ്സ് മുഖേനയാണ് നൽകുന്നത്. കോളേജ് ഹോസ്റ്റലിലും മറ്റ് അംഗീകൃത ഹോസ്റ്റലിലും താമസിച്ച് പഠിക്കുന്ന |

| | | | |
|---|---|---|---|
| | തുടങ്ങിയവയിൽ ഉദ്യോഗലബ്ധിക്കുമായി എന്തെല്ലാം പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ സഹായം ചെയ്തുവരുന്നു: വിശദാംശം ലഭ്യമാക്കുമോ; | | വർക്ക് പ്രതിമാസ സ്റ്റൈപന്റിന് പകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. സിവിൽ സർവ്വീസ് കോച്ചിംഗ് പരിശീലനത്തിന് സർക്കാരിൽ നിന്നും പ്രത്യേകം അനുമതി വാങ്ങി ധനസഹായം അനുവദിക്കുന്നു. പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുന്നതിനായി 968 പേർക്ക് പി.എസ്.സി.പരീക്ഷ പാസാകുന്നതിനുള്ള പരിശീലനം നല്കി.<br><br>പട്ടികജാതി വികസന വകുപ്പിൽ നിയമ പഠന മേഖലയിൽ എൽ.എൽ.ബി. / എൽ.എൽ.എം / ബി.എ.എൽ.എൽ.ബി / ബികോം എൽ.എൽ.ബി / ബിബിഎ എൽ.എൽ.ബി കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് വഴി ലംസംഗ്രാന്റ് / സ്റ്റൈപ്പന്റ് / ഹോസ്റ്റൽ ഫീസ്, കോഴ്സ് ഫീസ് ഉൾപ്പെടെ അർഹതയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു.<br><br>വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട്, ജില്ലകളിലായി 4 പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ടി സെന്ററുകളിൽ പട്ടികജാതി, പട്ടികവർഗ്ഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി, യു.പി.എസ്.സി, ആർ.ആർ.ബി. എസ്.എസ്.സി തുടങ്ങിയ സംസ്ഥാന / കേന്ദ്രസർക്കാർ / ബാങ്കിംഗ് സർവ്വീസുകളിൽ ജോലി നേടുന്നതിനുള്ള മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും, ഉദ്യോഗം നേടിയെടുക്കുന്നതിനുമായി തീവ്രപരിശീലനമാണ് നല്കിവരുന്നത്. സംസ്ഥാന സർവ്വീസുകളിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളുള്ള ലാസ്റ്റ് ഗ്രേഡ്, ക്ലാർക്ക്, സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് പോലുള്ള വളരെ കാര്യക്ഷമമായ രീതിയിലുള്ള പരിശീലനം വഴി ജോലി നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നു. കൂടാതെ ബാങ്കിംഗ്, കമ്പ്യൂട്ടർ മേഖലയിൽ തൊഴിലവസര ങ്ങൾ നല്കുന്ന ഡേറ്റാ എൻട്രി, സ്റ്റെനോഗ്രാഫി കോഴ്സുകളും പി.ഇ.ടിസി കളിൽ നല്കി വരുന്നു.<br><br>പി.ഇ.ടിസി. കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 400/- രൂപ പ്രതിമാസ സ്റ്റൈപ്പന്റ് അനുവദിച്ചിട്ടുണ്ട്. ഓരോ കോഴ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബുക്ക്, റാങ്ക് ഫയൽ, ചോദ്യ കടലാസുകൾ തുടങ്ങിയ പഠന സാമഗ്രികളും നല്കി വരുന്നു.<br><br>ഡിഗ്രി പഠനം പൂർത്തിയാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്കായി വകുപ്പിൻ കീഴിൽ |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം മണ്ണന്തലയിൽ പ്രവർത്തിച്ചവരുന്ന ICSETS എന്ന സ്ഥാപനത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയിൽ ഉന്നത നിലവാരം കാഴ്ച വയ്ക്കുന്നതിന് പ്രഗത്ഭരായ അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.<br><br>പിന്നോക്ക വിഭാഗം വിദ്യാർത്ഥികളിൽ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് നിയമ വിദ്യാഭ്യാസത്തിന് മുഴുവൻ ഫീസും പ്രതിമാസ സ്റ്റൈഫന്റും വരുമാന പരിധിയില്ലാതെ അനുവദിക്കുന്നുണ്ട്. ഒ.ബി.സി വിഭാഗത്തിലെ മുപ്പതു സമുദായങ്ങൾക്ക് ആറുലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. ശേഷിക്കുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് 1 ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. നിയമ പഠനം പൂർത്തിയാക്കിയവർക്ക് 1 ലക്ഷം രൂപ വരുമാന പരിധിയ്ക്ക് വിധേയമായി പ്രതിവർഷം 7500/- രൂപ അനുവദിച്ച് വന്നിരുന്നു. 2017-18 മുതൽ 12,000/- രൂപ ആയി ഉയർത്തിയിട്ടുണ്ട്. സിവിൽ സർവ്വീസ്, മറ്റ് സർക്കാർ സർവ്വീസ്, ബാങ്കിംഗ് സർവ്വീസ് മേഖലയിൽ മത്സര പരീക്ഷകൾക്ക് പരിശീലനം നല്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2016-17-ൽ ഈ ഇനത്തിൽ 4085 പേർക്ക് ആനുകൂല്യം അനുവദിച്ചിരുന്നു. ഉദ്യോഗം ലഭിച്ചവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല. |
| **(സി)** | ഇതുവഴി മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും എത്ര പേർക്ക് വീതം (വിഭാഗം തിരിച്ച്) ഉന്നത പഠനം, ഉദ്യോഗം എന്നിവ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | **(സി)** | പട്ടികജാതി വികസന വകുപ്പിൽ നിയമ പഠന മേഖലയിൽ എൽ.എൽ.ബി. / എൽ.എൽ.എം കോഴ്സുകൾക്ക് പഠിച്ചിരുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 2011-12 മുതൽ 2016-17 വരെയുള്ള കാലയളവിൽ ഇ-ഗ്രാന്റ്സ് വഴി വിദ്യാഭ്യാസാനുകൂല്യം നല്കിയതു സംബന്ധിച്ച വിവരം കാണിക്കുന്ന പട്ടിക അനുബന്ധമായി 1 ആയി ചേർക്കുന്നു.<br><br>വകുപ്പിന്റെ കീഴിലുള്ള 4 പി.ഇ.ടി.സി - കളുമായി മുൻസർക്കാരിന്റെ കാലയളവിൽ ഉദ്യോഗം ലഭിച്ചിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം തസ്തിക എന്നിവ സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പി.ഇ.ടി.സി | ഉദ്യോഗം ലഭിച്ച വരുടെ എണ്ണം | തസ്തിക |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | സ്റ്റാഫ് സെലക്ഷൻ ആർ.ആർ. ബി, എൽ.ഡി.സി |
| 2 | എറണാകുളം | 7 | എസ്.ഐ.. എക്സൈസ് ഇൻസ്പെക്ടർ, ആർ.ആർ. ബി. |
| 3 | കോഴിക്കോട് | 8 | ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്, സെക്രട്ടറിയേറ്റ് . അസിസ്റ്റന്റ്, യു പി/എൽ പി. ,അസിസ്റ്റന്റ് |
| 4 | കുഴൽ മന്ദം | 15 | എൽ.ഡി.സി, ആർ.ആർ. ബി, ജൂനിയർ ,അസിസ്റ്റന്റ് |

പിന്നോക്ക വിഭാഗ വികസന വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്ത് വിവിധ വിഭാഗങ്ങളിലായി ആനുകൂല്യം അനുവദിച്ചവരുടെ പട്ടികയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആനുകൂല്യം അനുവദിച്ചവരുടെ പട്ടികയും അനുബന്ധം 2 ആയി ചേർക്കുന്നു. ഉദ്യോഗം ലഭിച്ചവരുടെയും ഉന്നതപഠനം പൂർത്തിയാക്കിയ വരുടെയും വിവരങ്ങൾ ശേഖരിച്ച് നല്കുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധി ക്കുന്ന വിവരം ശേഖരിച്ചു നല്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**Details of Educational Grant to LLB/LLM Courses for SC Students from 2011-12 to 2016-17**

| Academic year | Course | No Of Beneficiary | Disbursed Amount (student part) | Disbursed Amount (Institution part) |
|---|---|---|---|---|
| 2011-2012 | LLB (3 Year) | 190 | 1095625 | 1934722 |
| 2011-2012 | LLB (5 Year) | 219 | 1284746 | 1423884 |
| 2011-2012 | LLM | 37 | 167966 | 271092 |
| | | | | |
| 2012-2013 | LLB (3 Year) | 198 | 1234756 | 2783553 |
| 2012-2013 | LLB (5 Year) | 219 | 1499052 | 1421193 |
| 2012-2013 | LLM | 34 | 194362 | 335497 |
| | | | | |
| 2013-2014 | LLB (3 Year) | 175 | 1059504 | 4112563 |
| 2013-2014 | LLB (5 Year) | 209 | 1518921 | 2035963 |
| 2013-2014 | LLM | 24 | 149609 | 290008 |
| | | | | |
| 2014-2015 | LLB (3 Year) | 217 | 1289736 | 5237188 |
| 2014-2015 | LLB (5 Year) | 216 | 1609402 | 2669050 |
| 2014-2015 | LLM | 22 | 129092 | 203668 |
| | | | | |
| 2015-2016 | LLB (3 Year) | 268 | 1563862 | 8047698 |
| 2015-2016 | LLB (5 Year) | 263 | 2040299 | 4372906 |
| 2015-2016 | LLM | 22 | 116403 | 654753 |
| | | | | |
| 2016-2017 | LLB (3 Year) | 272 | 1434443 | 8874513 |
| 2016-2017 | LLB (5 Year) | 273 | 2034440 | 4588645 |
| 2016-2017 | LLM | 22 | 168068 | 463449 |

ചില്ഡ്രൻ വികസന വകുപ്പ്

അനുബന്ധം -2

**മുൻ സർക്കാരിന്റെ കാലയളവിൽ അഡ്വക്കേറ്റ്സ് ഗ്രാന്റ് പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചവരുടെ എണ്ണം**

| വർഷം | സ്കീം | ആനുകൂല്യം അനുവദിച്ചവരുടെ എണ്ണം |
|---|---|---|
| 2012-13 | അഡ്വക്കേറ്റ് ഗ്രാന്റ് | 50 (ഒരാൾക്ക് 7500 രൂപാ വീതം) |
| 2013-14 | അഡ്വക്കേറ്റ് ഗ്രാന്റ് | 135 (ഒരാൾക്ക് 7500 രൂപാ വീതം) |
| 2014-15 | അഡ്വക്കേറ്റ് ഗ്രാന്റ് | 160 (ഒരാൾക്ക് 7500 രൂപാ വീതം) |
| 2015-16 | അഡ്വക്കേറ്റ് ഗ്രാന്റ് | 160 (ഒരാൾക്ക് 7500 രൂപാ വീതം) |

**മുൻ സർക്കാരിന്റെ കാലയളവിൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചവരുടെ എണ്ണം**

| വർഷം | നമ്പർ | എംപ്ലോയബിലിറ്റി സ്കീം | ആനുകൂല്യം അനുവദിച്ചവരുടെ എണ്ണം |
|---|---|---|---|
| **2013-14** | 1 | മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് | 1041 |
| | 2 | സിവിൽ സർവ്വീസ് | 121 |
| | 3 | ബാങ്കിംഗ് | 310 |
| | 4 | പി.എസ്.സി | 641 |
| | | ആകെ | **2113** |
| **2014-15** | 1 | മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് | 1275 |
| | 2 | സിവിൽ സർവ്വീസ് | 30 |
| | 3 | ബാങ്കിംഗ് | 150 |
| | 4 | പി.എസ്.സി | 250 |
| | | ആകെ | **1705** |
| **2015-16** | 1 | മെഡിക്കൽ എഞ്ചിനീയറിംഗ് | 1583 |
| | 2 | ബാങ്കിംഗ് | 307 |
| | 3 | സിവിൽ സർവ്വീസ് | 29 |
| | 4 | പി.എസ്.സി | 253 |
| | | ആകെ | **2172** |

## ഈ സർക്കാരിന്റെ കാലയളവിൽ അഡ്വക്കേറ്റ്സ് ഗ്രാന്റ് പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചവരുടെ എണ്ണം

| വർഷം | സ്കീം | ആനുകൂല്യം അനുവദിച്ചവരുടെ എണ്ണം |
|---|---|---|
| 2016-17 | അഡ്വക്കേറ്റ് ഗ്രാന്റ് | 135<br>(ഒരാൾക്ക് 7500 രൂപാ വീതം) |

## ഈ സർക്കാരിന്റെ കാലയളവിൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചവരുടെ എണ്ണം

| വർഷം | നമ്പർ | എംപ്ലോയബിലിറ്റി സ്കീം | ആനുകൂല്യം അനുവദിച്ചവരുടെ എണ്ണം |
|---|---|---|---|
| 2016-17 | 1 | മെഡിക്കൽ എഞ്ചിനീയറിംഗ് | 1593 |
| | 2 | ബാങ്കിംഗ് | 361 |
| | 3 | സിവിൽ സർവ്വീസ് | 3 |
| | 4 | പി.എസ്.സി | 246 |
| | | ആകെ | **2203** |

2017-18 സാമ്പത്തിക വർഷം അഡ്വക്കേറ്റ്സ് ഗ്രാന്റ് പദ്ധതിയ്ക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതിയുടെ പുതുക്കിയ ശുപാർശ ഭരണാനുമതി ലഭ്യമാക്കുന്നതിലേയ്ക്ക് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ